പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 136

# 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 136

# 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

1013/2012.

പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 136

# 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

2012-2013 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2012-2013 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2012-2013 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 616,59,49,000 രൂപ നൽകൽ.—2012-2013 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, മൊത്തം അറുനൂറ്റി പതിനാറ് കോടി അൻപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2012-2013 സാമ്പത്തികവർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (രൂപ) | സഞ്ചിതനിധി യിന്മേൽ ചാർജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 1,40,00,000 | .. | 1,40,00,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 3,000 | .. | 3,000 |
| 3 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 2,95,07,000 | .. | 2,95,07,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 2,00,00,000 | .. | 2,00,00,000 |
| 5 | VI | ഭൂനികുതി | റവന്യൂ | 18,83,000 | .. | 18,83,000 |
| 6 | IX | വാഹന നികുതികൾ | റവന്യൂ | .. | *9,55,000* | 9,55,000 |
| 7 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 1,000 | .. | 1,000 |
| 8 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 16,31,000 | .. | 16,31,000 |
| 9 | XII | പോലീസ് | റവന്യൂ | 1,000 | .. | 1,000 |
| 10 | XIII | ജയിലുകൾ | റവന്യൂ | 15,00,000 | .. | 15,00,000 |
| 11 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 3,000 | .. | 3,000 |



| | | | | | | |
|---|---|---|---|---|---|---|
| 12 | XV | പൊതുമരാമത്ത് | മൂലധനം | 20,09,000 | .. | 20,09,000 |
| 13 | XVI | പെൻഷനും പലവകയും | റവന്യൂ | 30,01,000 | .. | 30,01,000 |
| 14 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ<br>മൂലധനം | 14,12,61,000<br>.. | ..<br>*64,000* | 14,12,61,000<br>64,000 |
| 15 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ<br>മൂലധനം | 24,72,09,000<br>3,47,58,000 | ..<br>.. | 24,72,09,000<br>3,47,58,000 |
| 16 | XIX | കുടുംബക്ഷേമം | മൂലധനം | 11,20,000 | .. | 11,20,000 |
| 17 | XX | ശുദ്ധജലവിതരണവും ശുചീകരണവും | റവന്യൂ | 1,000 | .. | 1,000 |
| 18 | XXI | ഭവനനിർമ്മാണം | റവന്യൂ<br>മൂലധനം | 4,000<br>119,79,00,000 | ..<br>.. | 4,000<br>119,79,00,000 |
| 19 | XXII | നഗരവികസനം | റവന്യൂ<br>മൂലധനം | 5,000<br>4,000 | ..<br>.. | 5,000<br>4,000 |
| 20 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ<br>മൂലധനം | 45,04,000<br>1,000 | ..<br>.. | 45,04,000<br>1,000 |
| 21 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും | റവന്യൂ | 4,000 | .. | 4,000 |
| 22 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ<br>മൂലധനം | 13,000<br>4,000 | ..<br>.. | 13,000<br>4,000 |
| 23 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | 263,86,00,000 | .. | 263,86,00,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (രൂപ) | സഞ്ചിതനിധി യിന്മേൽ ചാർജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| 24 | XXVII | സഹകരണം | റവന്യൂ | 2,00,02,000 | .. | 2,00,02,000 |
| 25 | XXIX | കൃഷി | റവന്യൂ | 15,00,07,000 | *3,31,000* | 15,03,38,000 |
| | | | മൂലധനം | 4,000 | .. | 4,000 |
| 26 | XXX | ഭക്ഷ്യം | റവന്യൂ | 52,02,000 | .. | 52,02,000 |
| | | | മൂലധനം | 1,50,00,000 | .. | 1,50,00,000 |
| 27 | XXXII | ക്ഷീരവികസനം | റവന്യൂ | 7,50,00,000 | .. | 7,50,00,000 |
| 28 | XXXIII | മത്സ്യബന്ധനം | റവന്യൂ | 11,10,00,000 | .. | 11,10,00,000 |
| | | | മൂലധനം | 11,00,06,000 | .. | 11,00,06,000 |
| 29 | XXXIV | വനം | റവന്യൂ | 4,000 | .. | 4,000 |
| 30 | XXXV | പഞ്ചായത്ത് | റവന്യൂ | 24,00,01,000 | .. | 24,00,01,000 |
| 31 | XXXVI | സാമൂഹ്യ വികസനം | റവന്യൂ | 10,46,01,000 | .. | 10,46,01,000 |
| 32 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 15,00,01,000 | .. | 15,00,01,000 |
| | | | മൂലധനം | 3,000 | .. | 3,000 |
| 33 | XXXVIII | ജലസേചനം | റവന്യൂ | 3,000 | .. | 3,000 |
| | | | മൂലധനം | 25,00,01,000 | *26,26,000* | 25,26,27,000 |
| 34 | XXXIX | വൈദ്യുത പദ്ധതികൾ | റവന്യൂ | 50,00,00,000 | .. | 50,00,00,000 |
| 35 | XL | തുറമുഖങ്ങൾ | റവന്യൂ | 2,000 | .. | 2,000 |
| | | | മൂലധനം | .. | *1,01,69,000* | 1,01,69,000 |
| 36 | XLI | ഗതാഗതം | റവന്യൂ | 2,01,000 | .. | 2,01,000 |
| | | | മൂലധനം | 8,000 | .. | 8,000 |
| 37 | XLII | വിനോദസഞ്ചാരം | റവന്യൂ | 4,62,21,000 | .. | 4,62,21,000 |
| | | | മൂലധനം | 7,000 | .. | 7,000 |
| 38 | XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 1,56,00,000 | .. | 1,56,00,000 |
| 39 | XLVI | സാമൂഹ്യസുരക്ഷയും ക്ഷേമവും | റവന്യൂ | 2,00,02,000 | .. | 2,00,02,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| | | | ആകെ | 615,18,04,000 | *1,41,45,000* | 616,59,49,000 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2012–2013 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യൻ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ചപ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

കെ. എം. മാണി.